കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

A3/9020/22/RIT 22.01.2024

പുനർ ലേല/ ക്വൊട്ടേഷൻ പരസ്യം

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടി, കോട്ടയത്തിൻറെ കോമ്പൗണ്ടിൽ നിൽക്കുന്ന റബർ മരം ഒഴികെയുള്ള ഫലവൃക്ഷങ്ങളിൽ നിന്നും മൂന്ന് വർഷ കാലയളവിലേക്ക് മേലാദായം എടുക്കുന്നതിനുള്ള അവകാശം വ്യക്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലേലം മുഖാന്തിരം അനുവദിച്ചു കൊടുക്കുന്നതാണ്.

1) മേലാദായം എടുക്കുന്നതിനുള്ള ഫലവൃക്ഷങ്ങളുടെ ഉദ്ദേശക്കണക്ക്

| | | |
|---|---|---|
| തെങ്ങുകളുടെ എണ്ണം | : | 62 |
| മാവുകളുടെ എണ്ണം | : | 5 |
| കാലാവധി | : | മൂന്ന് വർഷം |

2) നിരതദ്രവ്യം : 1000/- രൂപ (ക്വൊട്ടേഷൻ സമർപ്പിക്കുന്നവർ നിരതദ്രവ്യം ഡി.ഡി ആയി പ്രിൻസിപ്പാൾ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്ന വിലാസത്തിൽ ഉള്ളടക്കം ചെയ്തിരിക്കണം) ലേലത്തിൽ പങ്കെടുന്നവർ ലേലം നടക്കുന്നതിന് മുൻപായി 1000/- രൂപ അടയ്ക്കണം

3)ലേല തീയതിയും സമയവും : 31/01/2024 2 മണി

ലേലത്തിനുശേഷം ക്വൊട്ടേഷൻ തുറന്നു പരിശോധിക്കുന്നതും ക്വൊട്ടേഷനിലോ ലേലത്തിലോ കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ടി അവകാശം സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഉറപ്പിച്ച് കൊടുക്കുന്നതാണ്. സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഏതെങ്കിലും ഫലവൃക്ഷങ്ങൾ മുറിച്ചു മാറ്റേണ്ടിവന്നാൽ ആയതിന് സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തിന് മാത്രമേ ലേലം ഉറപ്പിച്ചു കിട്ടിയ വ്യക്തിക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സർക്കാർ ഉത്തരവാദിയല്ല. ക്യാമ്പസ്സിൽ നിന്നും ഫലങ്ങൾ കൊണ്ടുപോകുന്നതിനുള്ള ചിലവുകൾ പൂർണമായും, ലേലം ഉറപ്പിച്ച വ്യക്തിയുടെ ചുമതല ആയിരിക്കും. ഈ ആവശ്യത്തിൽ ക്യാമ്പസിൽ വരുമ്പോൾ കോളേജിലെ നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥനായിരിക്കും. ആദായം എടുക്കുമ്പോൾ വൃക്ഷങ്ങൾക്ക് ക്ഷതം ഏൽപ്പിക്കാൻ പാടുള്ളതല്ല.

ക്വൊട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : പ്രിൻസിപ്പാൾ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വെള്ളൂർ പി.ഓ , പാമ്പാടി കോട്ടയം-686 501

ലേലം/ ക്വൊട്ടേഷൻ പ്രകാരമുള്ള അവകാശം ഉറപ്പിച്ചുകിട്ടുന്നയാൾ ഉറപ്പിച്ച മുഴുവൻ തുകയും ഓഫീസിൽ അപ്പോൾത്തന്നെ കെട്ടി വച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ 220/- രൂപയുടെ മുദ്രാപ്പത്രത്തിൽ കരാർ തയ്യാറാക്കി ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലനടപടികൾ നിർത്തിവയ്ക്കാനും ലേലം അസ്ഥിരപ്പെടുത്താനും പ്രിൻസിപ്പാളിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

മറ്റെല്ലാ ഗവൺമെൻറ് ലേല വ്യവസ്ഥകളും ഈ ലേലം/ക്വൊട്ടേഷനും ബാധകമായിരിക്കും.. വിശദവിവരങ്ങൾ കോളേജ് ഓഫീസിൽനിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്. വെബ്സൈറ്റ് www.rit.ac.in, Phone -0481 -2507763

Dr പ്രിൻസ്.ഏ
പ്രിൻസിപ്പൾ

PRINCIPAL
RAJIV GANDHI INSTITUTE OF TECHNOLOGY
VELLOOR P. O. KOTTAYAM
KERALA, PIN-686 501

22/01/24

Approval Valid

Digitally Approved By
Dr. Prince A
Date: 23.01.2024
Reason: Approved

RAJIV GANDHI INSTITUTE OF TECHNOLOGY * KOTTAYAM 686501
GOVT OF KERALA